**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1318** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക മൂന്ന് വർഷത്തിലധികമായി കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** **ശ്രദ്ധയിൽപ്പെട്ടിട്ടു**ണ്ട്.

**(ബി)** വാടക ഇനത്തിൽ പ്രസ്തുത കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 01/11/2020 മുതൽ 07/02/2023 വരെയുള്ള വാടക പുതുക്കുന്നതിലുണ്ടായ കാലതാമസവും 08/02/2023 മുതൽ വാടക പുതുക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിലുണ്ടായ കാലതാമസവുമാണ് വാടകക്കുടിശ്ശികയുണ്ടാകാൻ കാരണമായിട്ടുള്ളത്.

**(സി)** പ്രസ്തുത കുടിശ്ശിക തീർപ്പാക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 08/02/2023 മുതലുള്ള വാടക പുതുക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് വാടക നിശ്ചയിച്ച്, കുടിശ്ശിക തീർപ്പാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**